**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6177** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾ വാടകക്കെടുക്കുന്ന കെട്ടിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി കെട്ടിടം ഇല്ലാത്ത സഹകരണ സംഘങ്ങൾക്ക് വാടകയ്ക്ക് എടുക്കുന്ന കെട്ടിടങ്ങളിൽ കൗണ്ടറുകൾ സ്ഥാപിക്കുന്നതിനും ഫർണിഷിംഗ് നടത്തുന്നതിനും സംഘത്തിന്റെ തുക ചെലവഴിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാർ അനുമതി നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും ഫർണിഷിംഗ് നടത്തുന്നതിനും നടപടിക്രമങ്ങൾ പാലിച്ച് അനുമതിയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം തന്നെ പരിഗണിച്ച് അനുമതി നൽകാറുണ്ട്. |
| (ബി) | സ്വന്തമായി കെട്ടിടങ്ങളുള്ള സംഘങ്ങളും ബ്രാഞ്ചുകൾ ആരംഭിയ്ക്കുന്നത് വാടക കെട്ടിടങ്ങളിലായതിനാൽ അത്തരം സംഘങ്ങൾക്കും ഈ തീരുമാനം അത്തരം സംഘങ്ങൾക്കും ബുദ്ധിമുട്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശാഖകൾ ആരംഭിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിക്കുന്ന സംഘങ്ങൾക്ക് അവരുടെ അപേക്ഷകൾ പരിശോധിച്ച് അനുമതി നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ